(സി) മത്സ്യബന്ധനവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറിക്കെതിരെ റിപ്പോർട്ടിൽ പരാമർശമുണ്ട്. മന്ത്രിയുടെ സ്പെഷ്യൽ പ്രൈവറ്റ് സെക്രട്ടറി ആയി നിയമിക്കുന്നതിനുമുമ്പുള്ള കാലത്തെ സംബന്ധിച്ചാണ് ആഡിറ്റ് റിപ്പോർട്ട് അദ്ദേഹമുൾപ്പെടെയുള്ള ജീവനക്കാർക്ക് അനർഹമായ ഇൻക്രിമെന്റ്/ഗ്രേഡ് പ്രമോഷൻ/ലീവ് സറണ്ടർ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിയത് തിരിച്ച് പിടിക്കണമെന്ന നിർദ്ദേശമുണ്ട്.

(ഡി) രജിസ്ട്രാർ നൽകിയ റിപ്പോർട്ട് പരിശോധിച്ച് കുറ്റക്കാരെന്ന് കാണുന്നവർക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

ഒരു മീനും ഒരു നെല്ലും പദ്ധതി നടപ്പിലാക്കുന്നവർക്ക് നൽകുന്ന സഹായങ്ങൾ

114 (2393) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "ഒരു മീനും ഒരു നെല്ലും" എന്ന പദ്ധതി സംസ്ഥാനത്ത് ഏതൊക്കെ പ്രദേശങ്ങളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളിൽ ഇതിന്റെ ഫലം എന്താണെന്ന് വ്യക്തമാക്കാമോ ;

(സി) തൃശ്ശൂർ കോൾ നിലയങ്ങളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ പ്രദേശങ്ങളിൽ നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത പദ്ധതി ഏറ്റെടുത്തു നടപ്പിലാക്കുന്ന പാടശേഖര സമിതികൾക്ക് പ്രത്യേക സാമ്പത്തിക സഹായം നൽകുന്നുണ്ടോ ; എന്തൊക്കെ സഹായമാണ് നല്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുട്ടനാടൻ പാടശേഖരങ്ങളിൽ നടപ്പാക്കിവരുന്നു.

(ബി) ഫലം വിലയിരുത്തി വരുന്നു.

(സി) ചർച്ചകൾ നടക്കുന്നു.

(ഡി) ഉണ്ട്. നിബന്ധനകൾക്ക് വിധേയമായി മത്സ്യവിത്ത്, മത്സ്യത്തീറ്റ തുടങ്ങിയവ സബ്സിഡി നിരക്കിലും സാങ്കേതിക സാമ്പത്തിക സാഹയങ്ങളും നൽകുന്നു.

ഒരു നെല്ലും ഒരു മീനും പദ്ധതി

115 (2394) ശ്രീ. പി. നാരായണൻ :

ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു നെല്ലും ഒരു മീനും പദ്ധതി നടപ്പാക്കി വരുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത പദ്ധതി പ്രകാരം എത്ര ഹെക്ടർ നെൽപ്പാടങ്ങളിൽ ഇപ്പോൾ മത്സ്യകൃഷി നടപ്പാക്കി വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കുട്ടനാടൻ പാടശേഖരങ്ങളിൽ 3500 ഹെക്ടർ പ്രദേശത്ത്.

നെൽപ്പാടങ്ങളിലെ മത്സ്യകൃഷി

116 (2395) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ നെൽപ്പാടങ്ങളിൽ നെൽകൃഷിക്കുശേഷം ഉള്ള ഇടവേളയിൽ മത്സ്യം വളർത്തുന്നതിന് പദ്ധതിയുണ്ടോ ;

(ബി) ഉണ്ടെങ്കിൽ തീരപ്രദേശങ്ങളിലെ വയലുകളിലും ഉൾനാടൻ വയലുകളിലും എന്തെല്ലാം ഇനം മത്സ്യങ്ങളെയാണ് വളർത്താനുദ്ദേശിക്കുന്നത് ;

(സി) ഈ സംരംഭത്തിന് കർഷകരുടെ പിന്തുണ ആർജ്ജിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(ഡി) ആവശ്യമുള്ള എല്ലാ കൃഷിക്കാർക്കും വിതരണം ചെയ്യാനുള്ള മത്സ്യക്കുഞ്ഞുങ്ങളും മത്സ്യതീറ്റയും മത്സ്യബന്ധന വകുപ്പിന്റെ കൈവശം ലഭ്യമാണോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പാടങ്ങളിലെ വെള്ളത്തിന്റെ ഘടന, മണ്ണിന്റെ സ്വഭാവം കർഷകരുടെ ആവശ്യം എന്നിവ കണക്കിലെടുത്ത് കട്ല, മൃഗാൾ, രോഹു, സൈപ്രിസ്, ആറ്റുകൊഞ്ച് എന്നിവ വളർത്തുവാൻ ഉദ്ദേശിക്കുന്നു.

(സി) ഉണ്ട്.

(ഡി) എല്ലാ സർക്കാർ ഹാച്ചറികളിൽ നിന്നും കർഷകർക്കുവേണ്ടത്ര മത്സ്യക്കുഞ്ഞുങ്ങളെ വിതരണത്തിന് ലഭിക്കുന്നതാണ്. മത്സ്യത്തീറ്റ ഉല്പാദിപ്പിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly